**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കുമാരി.പദ്മജം എ.എസ്. (D/o (L) കെ. ശ്രീജ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -II, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ചിറയിൻകീഴ്)-ന് ആരോഗ്യ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനാനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്തും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.44/2025/H&FWD തീയതി,തിരുവനന്തപുരം, 31-01-2025

---

പരാമർശം:-

1. സ.ഉ.(പി) നം. 45/1991/ഉഭപവ തീയതി 30/12/1991.
2. സ.ഉ.(പി) നം. 12/1999/ഉഭപവ തീയതി 24/05/1999.
3. കുമാരി പദ്മജം. എ. എസ് സമർപ്പിച്ച 5/12/2016 തീയതിയിലെ അപേക്ഷ.
4. കൊല്ലം ജില്ലാ കളക്ടറുടെ 19/02/2018 തീയതിയിലെ ഡിസികെഎൽഎം/252/2017-എസ്4 നമ്പർ കത്ത്.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27/04/2018 തീയതിയിലെ ഇ.എച്ച്4/17916/2018/ആ.വ.ഡ നമ്പർ കത്ത്.
6. സ.ഉ.(കൈ) നം. 137/2018/ആ.കു.വ തീയതി 18/07/2018.
7. കുമാരി.പദ്മജം. എ.എസ്. സമർപ്പിച്ച 14/11/2022 തീയതിയിലെ തസ്തികമാറ്റ അപേക്ഷ.
8. സ.ഉ.(പി) നം. 12/2023/ഉഭപവ തീയതി 14/07/2023
9. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 10/01/2024 തീയതിയിലെ ഡിഎച്ച്എസ്/20065/2023-ഇഎച്ച്4 നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ സേവനത്തിലിരിക്കെ 03/08/2013-ന് മരണമടഞ്ഞ കെ. ശ്രീജയുടെ മകൾ കുമാരി.പദ്മജം. എ.എസ്.-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും ശിപാർശ സഹിതം പരാമർശം (5) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) അപേക്ഷകയ്ക്ക് 20 വയസ്സുണ്ടെന്നും (ജനനതീയതി 05.10.1998), ടിയാൾ ടി.എച്ച്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾ പാസ്സായിട്ടുണ്ടെന്നും അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 42,000/- (നാല്പത്തിരണ്ടായിരം രൂപ മാത്രം) രൂപയാണെന്നും കൂടാതെ കുമാരി പദ്മജം. എ.എസ്.-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് പരേതയായ സർക്കാർ ഉദ്യോഗസ്ഥയുടെ ആശ്രിതരെല്ലാം സമ്മതം അറിയിച്ചിട്ടുണ്ടെന്നും പരേതയുടെ ആശ്രിതർക്ക് ആർക്കും തന്നെ ഈ പദ്ധതിയിൻകിഴിൽ നിയമനം ലഭിച്ചിട്ടില്ലെന്നും പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നതിനാൽ കുമാരി പദ്മജം എ.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നത് പരിഗണിക്കാവുന്നതാണെന്നും പരാമർശം (4) കത്ത് പ്രകാരം കൊല്ലം ജില്ലാ കളക്ടർ ശിപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആരോഗ്യ വകുപ്പ് ഡയറക്ടർ, കൊല്ലം ജില്ലാ കളക്ടർ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കുമാരി.പദ്മജം എ.എസ് - ന് പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ ക്ലർക്ക് തസ്തികയിലെ ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

4) എന്നാൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കാത്തതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനത്തിന് പരിഗണിക്കണമെന്ന് കാണിച്ച് കുമാരി. പദ്മജം. എ.എസ് പരാമർശം (7) പ്രകാരം തസ്തികമാറ്റ അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

5) ആശ്രിത നിയമന പദ്ധതി പ്രകാരം സർക്കാർ ഉത്തരവായിട്ടും നിയമന ഉത്തരവ് ലഭിയ്ക്കാനായി 259 പേർ ഇനിയും വകപ്പിലുണ്ടെന്നും നിലവിലെ വ്യവസ്ഥ അനുസരിച്ച് വകുപ്പിലെ ആശ്രിതനിയമനം 5% ആയി നിജപ്പെടുത്തിയിട്ടുണ്ടെന്നും മുൻഗണനാപട്ടിക പ്രകാരം വകുപ്പിൽ

ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രമേ നിയമനം നൽകാൻ കഴിയൂ എന്നും പരാമർശം (9) പ്രകാരം ആരോഗ്യ വകപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 33 പ്രകാരം അപേക്ഷക തസ്തികമാറ്റത്തിന് യോഗ്യയായിരുന്നതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ട്രേഡ്സ്മാൻ തസ്തികയിൽ 2025 മെയ് മാസത്തിനു ശേഷം ഉണ്ടാകാവുന്ന ഒഴിവിൽ കുമാരി പദ്മജം. എ. എസ്-ന് ആശ്രിത നിയമനം നൽകുവാൻ വകുപ്പിന് തടസ്സമില്ല എന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ, കൊല്ലം ജില്ലാ കളക്ടർ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിലും അപേക്ഷക സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തികയിലേയ്ക്ക് പരിഗണിക്കപ്പെടാൻ യോഗ്യയായതിനാലും കുമാരി. പദ്മജം എ.എസ്. (D/o. (L) കെ. ശ്രീജ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്- II, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ചിറയിൻകീഴ്) എന്നയാൾക്ക് ആരോഗ്യ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിന് അനുമതി നല്കിയ പരാമർശം (6) ഉത്തരവ് റദ്ദ് ചെയ്തും പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

7) സാധുവായ അപേക്ഷാ തീയതിയെ (05/12/2016) അടിസ്ഥാനമാക്കി നിയമനത്തിനായുള്ള അപേക്ഷകയുടെ സീനിയോറിറ്റി കണക്കാക്കേണ്ടതാണ്. വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ് തുടങ്ങിയവ തെളിയിക്കുന്ന രേഖകൾ പരിശോധിച്ചതിനു ശേഷം ശ്രീമതി. പദ്മജം എ.എസ്-ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്. പരേതയായ സർക്കാർ ജീവനക്കാരിയുടെ സേവന പുസ്തകത്തിലും ജീവനക്കാരി അവസാനമായി ജോലി ചെയ്തിരുന്ന ഓഫീസിലെ ജീവനക്കാര്യം സംബന്ധിച്ച രജിസ്റ്ററിലും ഇത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഇത് ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

8) അപേക്ഷക ആവശ്യപ്പെട്ടിട്ടുള്ള ജില്ലയിൽ നിയമനം നൽകുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ സീനിയോറിറ്റി നഷ്ടപ്പെടാതെ തന്നെ അപേക്ഷക ആവശ്യപ്പെട്ട ജില്ലയിലേയ്ക്ക് എത്രയും വേഗം സ്ഥലംമാറ്റം അനുവദിക്കേണ്ടതാണ്. അപേക്ഷക സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ്

തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് ബോധ്യമാവുകയോ ചെയ്താൽ ഈ ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. അപേക്ഷക സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം (8) സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

9) സേവന പുസ്തകത്തിൽ ജനന തീയതിയിൽ തിരുത്തൽ വരുത്തുന്നത് സംബന്ധിച്ച് പരാമർശം (1) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളെല്ലാം നിയമന ഉത്തരവിൽ കർശനമായും രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ജോയിന്റ് സെക്രട്ടറി

കുമാരി. പദ്മജം എ.എസ്, ചരുവിള വീട്, തഴമേൽ, അഞ്ചൽ - 691 306.

ജില്ലാ കളക്ടർ, കൊല്ലം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ, കൊല്ലം.

സൂപ്രണ്ട്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ചിറയിൻകീഴ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഉന്നത വിദ്യാഭ്യാസ വകുപ്പ് (4/1/2025 തീയതിയിലെ L1/427/2024-HEDN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ /ഓഫീസ് കോപ്പി-F2/212/2024-HEALTH നമ്പർ ഫയലിലേയ്ക്ക്.

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 31-01-2025 15:39:17

സെക്ഷൻ ഓഫീസർ